LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അത്രക്കുറ്റി പഞ്ചായത്തിൽ ഒരു സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം 2013-ലെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനതല ഉന്നതാധികാര സമിതി മുമ്പാകെ സമർപ്പിച്ചുവെങ്കിലും പദ്ധതി അംഗീകരിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിർദ്ദേശം പുതുക്കിയ എസ്റ്റിമേറ്റ് സഹിതമുള്ള അപേക്ഷയായി സമർപ്പിക്കുകയാണെങ്കിൽ നടപ്പുസാമ്പത്തിക വർഷത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

സ്മൈൽ പദ്ധതി

305 (2134) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിൽ 2011-12 വർഷം ആരംഭിച്ച സ്മൈൽ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെ ; വിശദമാക്കുമോ ;

(ബി) ഇപ്രകാരമുള്ള എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ട് ; ഇനി എത്രയെണ്ണം പൂർത്തിയാകാനുണ്ട് ; വിശദമാക്കുമോ ; പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ; എങ്കിൽ ആയതിലെ പുതിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയ്ക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 മുതൽ SMILE-സ്കീമിൽ ഉൾപ്പെട്ട പദ്ധതികൾക്കായി 18.12 കോടി രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ പ്രവർത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പൂർത്തിയായവയുടേയും പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നവയുടേയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രതികൂല കാലാവസ്ഥ കാരണം സ്പോർട്സ് സർഫസ് ചെയ്യുന്നതിന് സാധിക്കാത്തതിനാലാണ് ഏതാനും ചില പ്രവർത്തികൾ പൂർത്തിയാക്കാനാവാതെ വന്നത്.

(സി) പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം 10.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുതിയ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.